നം. ഇ.എസ്5- 88763/2019/ആ.വ.ഡ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി.29/07/2021

# അടിയന്തിര സർക്കുലർ

വിഷയം : ആ.വ.ഡ - 2021 വർഷത്തിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ട് ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന : 1. ഉത്തരവ് നം. ഇ. എസ്5-88763/2020/ആ.വ.ഡ തീയതി. 24.07.2021 പ്രകാരമുള്ള സീനിയോറിറ്റി പട്ടിക
2. ഇ. എസ്5-88763/2020/ആ.വ.ഡ, തീയതി.26.07.2021 പ്രകാരമുള്ള സർക്കുലർ

2021 വർഷത്തിൽ ആരോഗ്യവകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിലെ പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മേൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച ജില്ലാ ലാബ് ടെക്നീഷ്യന്മാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റാങ്ക് നമ്പർ 6, 7 എന്നീ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സൂചന 2 പ്രകാരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി തസ്തികയിൽ കൂടുതൽ ഒഴിവുകൾ പ്രതീക്ഷിക്കുന്നതിനാൽ മേൽ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റാങ്ക് നമ്പർ. 1 മുതൽ 11 വരെയുള്ള മുഴുവൻ ജീവനക്കാരും 2018, 2019, 2020 കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഇനിയും സമർപ്പിച്ചിട്ടില്ലെങ്കിൽ ആയത് 5 ദിവസത്തിനകം ഈ ആഫീസിൽ തപാൽ മാർഗ്ഗമോ നേരിട്ടോ ലഭ്യമാക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകൾവശത്തായി അവരവരുടെ മൊബൈൽ ഫോൺ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സെൽഫ് അസസ്സ്മെന്റ് വ്യക്തമായും കാര്യമാത്രപ്രസക്തമായും കഴിവതും ടൈപ്പ് ചെയ്തും സമർപ്പിക്കേണ്ടതാണ്. ഒരു കലണ്ടർ വർഷത്തേക്കാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ മേൽ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും മറ്റ് അനുബന്ധരേഖകളും വാങ്ങി പരിശോധിച്ച്, ആയത് ഈ ഓഫീസിൽ കൃത്യമായ സമയപരിധിക്കുള്ളിൽ ലഭ്യമാക്കാൻ കർശന നിർദ്ദേശം നൽകിക്കൊള്ളുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ